**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1664** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോക്ക് വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് വേണ്ടി ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് വേണ്ടി താഴെപ്പറയുന്ന രണ്ട് നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരുന്നത്:

1. കൊട്ടാരക്കര ബസ് ടെർമിനൽ നിർമ്മാണം – 18.10 കോടി രൂപ.

2. കൊട്ടാരക്കര ഗാരേജ് നിർമ്മാണം – 3.06 കോടി രൂപ.

ഈ രണ്ട് നിർമ്മാണ പ്രവൃത്തികൾക്കുമായി ആകെ 21.16 കോടി രൂപയുടെ ഭരണാനുമതി നൽകി.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം ഏതു ഏജൻസി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്;

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തികളുടെ നിർവഹണം പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.

**(സി)** നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനായി കെ.എസ്.ആർ.ടി.സി. യുടെ ഭാഗത്ത് നിന്ന് പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; ആയത് പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ ടെക്നിക്കൽ സാങ്ഷൻ (TS) ലഭ്യമാക്കുന്നതിനായി, പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത ഫണ്ട് പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും, തുടർന്ന് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനും സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**